Talented Bankers Literary Panel
പുസ്തക പരിചയം 114

പുസ്തകം പരിചയപ്പെടുത്തുന്നത്,
ജിതിൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
കുറുപ്പന്തറ ശാഖ

അനുരാഗത്തിന്റെ ദിനങ്ങൾ
വൈക്കം മുഹമ്മദ് ബഷീർ

ബഷീർ എന്ന സാഹിത്യകാരൻ എന്റെ വായനയിലേക്ക് വരുന്നത് ഏതാണ്ട് 2012 കാലത്ത് ആണ്. (അതിന് മുൻപ് സ്കൂളിലെ മലയാളം സെക്കനന്ററിന് പഠിക്കാൻ ഉണ്ടായിരുന്നതിനാൽ പാത്തുമ്മയുടെ ആട് ഏതാണ്ട് മുഴുവൻ വായിച്ചിരുന്നു എങ്കിലും, നിർബന്ധിത വായന ആയതിനാൽ താൽപ്പര്യം കൊടുത്തിരുന്നില്ല എന്നത് ആണ് സത്യം ) അങ്ങനെ 2012 കാലം. പണി ഒന്നും ആയിട്ട് ഇല്ല. പഠിപ്പ് ഒക്കെ കഴിഞ്ഞു. വീട്ടുകാർക്ക് ഞാൻ ഒരു പണി ആകുന്ന ലക്ഷണങ്ങൾ അവിടവിടെ കണ്ടു തുടങ്ങി. കൂട്ടിന് ഒന്ന് രണ്ട് കൂട്ടുകാർ ഇതേ അവസ്ഥയിൽ ഉള്ളത് ആണ് ഏക ആശ്വാസം. എല്ലാം സിനിമ പ്രേമികൾ! അതു കൊണ്ട് തന്നെ തികഞ്ഞ പരാജയങ്ങൾ ആയി, ഒരു അന്തവും കുന്തവും ഇല്ലാതെ നിൽകുന്ന സമയം എന്ന് നിസംശയം പറയാം! കാരണം, ജീവിതത്തിലെ മോഹങ്ങൾ മാത്രം അല്ല, സിനിമയോട് ഉള്ള ഞങ്ങളുടെ പ്രണയവും കുറച്ചു പേർ ചേർത്തു തകർത്തു തുടങ്ങിയിരുന്നു. ഞങ്ങൾ ഒക്കെ വരേണ്ട സ്ഥാനങ്ങളിൽ വേറെ കുറച്ചു പയ്യന്മാർ കയറി വന്ന് തുടങ്ങി. അവരുടെ ഒക്കെ ഒരു ഭാഗ്യം, വിനീത് ശ്രീനിവാസൻ ആണ് കൂട്ട്! അങ്ങനെ ഇരിക്കെ അക്കൂട്ടത്തിൽ ഒരുവൻ ആയ നിവിൻ പോളി എന്ന ചെറുപ്പക്കാരനെ നായകൻ ആക്കി, വിനീത് ശ്രീനിവാസൻ ഒരു പടം ഇറക്കി. തട്ടത്തിൻ മറയത്ത്! അത് വരെ കണ്ട ആവർത്തന വിരസമായ, അമാനുഷിക കഥാ സന്ദർഭങ്ങളിൽ നിന്നും വ്യത്യസ്തമായി, ഒരു ചെറുപ്പക്കാരന്റെ പ്രണയ കഥ പറഞ്ഞ സിനിമ. ആ സിനിമയും, എന്റെ "ബഷീർ" വായനയും തമ്മിൽ എന്താണ് ബന്ധം എന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടാകും?

ആ സിനിമയിൽ ഒരു ലോക്കപ്പും, അതിൽ ഒരു കള്ളനും ഉണ്ട്. അവിടെ വെച്ചാണ് അതിലെ പ്രസിദ്ധമായ, " ഓൾ ആ തട്ടം ഇട്ടാലുണ്ടല്ലോ, എന്റെ സാറേ, പിന്നെ ചുറ്റും ഉള്ളത് ഒന്നും കാണാൻ കഴിയുല്ല" എന്ന ഡയലോഗ്. ചുറ്റുമുള്ളത് ഒന്നും കാണാൻ ആകില്ല എന്നു പറഞ്ഞു എങ്കിലും, ഞാൻ കണ്ടു. ആ കള്ളന്റെ കൈയ്യിൽ ഒരു പുസ്തകം." അനുരാഗത്തിന്റെ ദിനങ്ങൾ!" തേടി പിടിച്ചു മേടിച്ചു; ഒറ്റ ഇരുപ്പിന്

വായിച്ചു തീർത്തു എന്നാണ് ഓർമ്മ. എന്റെ സകല കാഴ്ചപ്പാടുകളും കീഴ്മേൽ മറിച്ച ഒരു പുസ്തകം. സദാചാരത്തിന്റെ തെറ്റും ശരികളും, ചിന്തകളിൽ പ്രായം കൊണ്ട് വരുന്ന അശ്ലീലങ്ങളും തമ്മിൽ പൊരുത്തപ്പെടാതെ, എല്ലാം എന്റെ മാത്രം കുഴപ്പം ആണെന്ന് കരുതി സ്വയം കുറ്റപ്പെടുത്തി, അപകർഷതാ ബോധത്തിൽ നട്ടം തിരഞ്ഞു നടന്ന സമയത്ത്, ആ കള്ളന്റെ കൈയ്യിൽ നിന്നും, ബഷീർ നടന്നിറങ്ങി കയറി വന്നത് എന്റെ ഹൃദയത്തിലേക്ക് ആയിരുന്നു. പിന്നീട്, ഇത് വരെ ഇറങ്ങി പോയിട്ടില്ല. മൂപ്പരിപ്പോഴും അവിടെ തന്നെ കുടിയിരിക്കുന്നു!

അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ, ഓർമ്മകൾ ആണ് ഇതിൽ. സരസ്വതി ദേവി എന്ന തന്റെ പ്രണയത്തെ പറ്റിയുള്ള അദ്ദേഹത്തിന്റെ ഓർമ്മകൾ. ഒരു കാമുകന്റെ ഡയറി. ആ സമയത്ത് എവിടെയോ വായിച്ചത് ഓർക്കുന്നു. ഒരിക്കൽ ബഷീറിന്റെ പഴയ ഡയറി കുറിപ്പുകൾ വായിക്കാൻ ഇടയായ, ബഹുമാന്യനായ M T, അത് ഇഷ്ടപെട്ട്, പ്രസിദ്ധികരിക്കാൻ മുൻകൈ എടുത്തതിനാൽ ഇറങ്ങിയ പുസ്തകം ആണ് അനുരാഗത്തിന്റെ ദിനങ്ങൾ എന്ന്! അതായത്, ഇത് ഓരോ ദിവസത്തെ, കാമുകന്റെ ചിന്തകൾ അതേപടി പകർത്തിയവ ആണ്! ഇതിൽ ഒരുവന്റെ നഗ്നമായ വികാരങ്ങൾ ഉണ്ട്, കുശുമ്പുകൾ ഉണ്ട്, അപകർഷതാ ബോധം ഉണ്ട്, കാമം ഉണ്ട്, അനുരാഗമുണ്ട്. അതിനപ്പുറം ജീവതമുണ്ട്. 1946 ഫെബ്രുവരി മാസത്തിൽ ബഷീറിന് തോന്നിയ വികാരങ്ങൾ ആണ്! എല്ലാവർക്കും തോന്നുന്നവയാണോ, അറിയില്ല. പക്ഷെ, എനിക്ക് ഏതായാലും അത് എന്തെന്നില്ലാത്ത ഒരു ആശ്വാസം ആയിരുന്നു. കാരണം, 66 വർഷങ്ങൾക്ക് ഇപ്പുറം, എനിക്ക് തോന്നിയിരുന്നതും ഏതാണ്ട് അവയൊക്കെ തന്നെ ആയിരുന്നു എന്നത് കൊണ്ട്. ഒന്ന് ഞാൻ മനസിലാക്കി. മനുഷ്യൻ എല്ലാം ഒന്നാണ്. അത് ജാതി മതങ്ങൾക്ക് അതീതമായി മാത്രമല്ല, കാലങ്ങൾക്ക് അപ്പുറവും ഇപ്പുറവും തമ്മിൽ ചികഞ്ഞാലും ഒന്നാണ്. അടിസ്ഥാനപരമായി അവൻ വെറും മനുഷ്യൻ ആണ്, ഒരു നല്ല മൃഗം പോലും അല്ലാത്ത വെറും മനുഷ്യൻ!

ആ പുസ്തകത്തിൽ ഒരിടത്ത് പോലും, ജീവിത വിജയം നേടാൻ ഉള്ള കുറുക്കു വഴികൾ പറഞ്ഞു തന്നതായി എനിക്ക് ഓർമ്മയില്ല. പക്ഷെ, എനിക്ക് മുന്നോട്ട് പോകാൻ അത് ധാരളമായിരുന്നു. കാരണം, 1946 കളിലും ജീവിതത്തിൽ സമസ്ത മേഖലയിലും പരാജയപെട്ടു എന്നു തോന്നുന്ന നിമിഷങ്ങൾ മനുഷ്യ ജീവിതത്തിൽ ഉണ്ടായിരുന്നു എന്ന് ആ പുസ്തകം എനിക്ക് പറഞ്ഞു തന്നു. അതിന് ശേഷവും, മുന്നോട്ട് പോയി വിജയിച്ചവർ, അങ്ങനെ പറയുന്നതിലും നല്ലത്, ജീവിച്ചവർ ഉണ്ടെന്നും പറഞ്ഞു തന്നു!

ഈ കൃതിയിൽ ഒരിടത്ത് വായിച്ച,സരസ്വതി ദേവി ബഷീറിന് എഴുതിയ ഒരു കത്തിൽ പറയുന്നത് പോലെ;

" അതത് നിമിഷങ്ങളിലെ പ്രതിഫലനമാണ് എഴുത്ത്. ഞാൻ ഈ എഴുത്തു 16th മുതൽ 23rd വരെ സൂക്ഷിച്ചു വായിച്ചു. ഒന്നും മാറ്റണം എന്നു തോന്നിയില്ല. ഒന്നും. ചിലത് കൂടി എഴുതണം എന്നു തോന്നി. എന്തെന്നോ? ബഷീർ! ബഷീർ! ഞാൻ അങ്ങയെ സ്നേഹിക്കുന്നു. ഇത് ഒരായിരം തവണ കൂടി എഴുതണം എന്നു തോന്നി. അതേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

എന്ന് സ്വന്തം ദേവി!"

അനുരാഗത്തിന്റെ ദിനങ്ങൾ വായിച്ചു തീർത്ത ഏവരെയും പോലെ ഞാനും മനസ്സിൽ പറഞ്ഞു, അതേ ഞാനും അങ്ങയെ സ്നേഹിക്കുന്നു. ഒരായിരം തവണ കൂടി പറയുന്നു, ഞാൻ അങ്ങയെ സ്നേഹിക്കുന്നു!

പ്രസാധകർ - ഡി സി ബുക്ക്സ്
വില - Rs. 190/-